# സമഗ്ര ശിക്ഷ, കേരളം

# വാർഷിക മൂല്യനിർണയം 2018–19

## ആരോഗ്യ കായികവിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം

ക്ലാസ്: 5 സമയം: 2 മണിക്കൂർ

### പൊതുനിർദേശങ്ങൾ

- ആരോഗ്യ കായികവിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം എന്നീ വിഷയങ്ങളെ മൂന്നുവിഭാഗങ്ങളായിട്ടാണ് ചോദ്യപേപ്പറിൽ ക്രമീകരിച്ചിട്ടുള്ളത്. ഓരോ വിഭാഗത്തിനും 15 സ്കോർ വീതം
- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്
- മൂന്നു വിഭാഗത്തിന്റെയും ഉത്തരങ്ങൾ പ്രത്യേകം പേപ്പറിൽ എഴുതി നൽകേണ്ടതാണ്. അവയിലെല്ലാം പേര്, വിഷയം, ക്ലാസ്, ഡിവിഷൻ, റോൾ നമ്പർ എന്നീ വിവരങ്ങൾ രേഖപ്പെടുത്തണം

## ആരോഗ്യ കായികവിദ്യാഭ്യാസം

**1 മുതൽ 4 വരെയുള്ള ചോദ്യങ്ങളുടെ ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക.**

1. കായിക ഉപകരണങ്ങൾ ഉപയോഗിക്കാത്ത ഒരു കളി ഏത്?
   (ക്രിക്കറ്റ്, ഫുട്ബോൾ, വോളിബോൾ, കബഡി)
2. തിരക്കേറിയ റോഡുകൾക്ക് കുറുകെയുള്ള ഒന്നിടവിട്ടുള്ള കറുത്തതും വെളുത്തതുമായ വരകളാണ്
   (സീബ്രാലൈനുകൾ, വൺവേ, ഫുട്പാത്ത്, സബ്ബ് വേ)
3. പന്ത് ഉപയോഗിച്ചു കളിക്കുന്ന ഒരു കായിക ഇനം ഏത്?
   (കബഡി, ഖോ ഖോ, ബാസ്കറ്റ് ബോൾ, ഗുസ്തി)
4. താഴെ കൊടുത്തിരിക്കുന്നതിൽ അത്‌ലറ്റിക് മത്സര ഇനം ഏത്?
   (100 മീറ്റർ ഓട്ടം, ഫുട്ബോൾ, ഗുസ്തി, സൈക്ലിങ്)

**5 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക.**

5. എന്താണ് പൾസ്?
6. കായിക പ്രവർത്തനങ്ങൾക്കു ശേഷം കൂളിംഗ് ഡൗൺ ചെയ്യുന്നതു കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം?
7. ജീവിതനൈപുണി എന്നാലെന്ത്?
8. താഴെ കൊടുത്തിരിക്കുന്ന ചിത്രങ്ങൾ നിരീക്ഷിച്ച് കളികളുടെ പേരെഴുതുക.





9. ഒരു നല്ല സുഹൃത്തിനു വേണ്ട ഗുണങ്ങൾ എന്തെല്ലാം?

**10, 11 ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക.**

10. ഒരു വ്യക്തിക്ക് ആത്മവിശ്വാസം മൂലമുണ്ടാകുന്ന നേട്ടങ്ങൾ ഏതെല്ലാം?

11. കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതു വഴി നമുക്ക് ലഭിക്കുന്ന ഗുണങ്ങൾ എന്തെല്ലാം?

## കലാവിദ്യാഭ്യാസം

**1 മുതൽ 4 വരെയുള്ള ചോദ്യങ്ങൾക്ക് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക.**

1. മാനിനെയും ജിറാഫിനെയും വരയ്ക്കുമ്പോൾ നിരീക്ഷണത്തിൽ പ്രകടമായ ഒരു പ്രത്യേകത.
   - വളരെ നീണ്ട കഴുത്ത്
   - തടിച്ച കഴുത്ത്
   - കഴുത്തിന് ഒരേ വലിപ്പം
   - വളരെ ചെറിയ കഴുത്ത്

2. രാരീരം.... രാരാരോ ..... എന്ന വായ്ത്താരി ഏതു പാട്ടിന്റെ ഭാഗമാണ്?
   - വഞ്ചിപ്പാട്ട്
   - താരാട്ടു പാട്ട്
   - കൃഷിപ്പാട്ട്
   - വടക്കൻപാട്ട്

3. തിരുവാതിരകളിയുടെ വേഷം ഏതാണ്?
   - ചട്ടയും മുണ്ടും
   - മുണ്ടും ബ്ലൗസും
   - മുണ്ടും ബ്ലൗസും വേഷ്ടിയും
   - കാച്ചിയും ബ്ലൗസും തട്ടവും

4. കൈകളിൽ സോപ്പും തോർത്തും ഉണ്ടെന്ന ഭാവേനയായിരുന്നു അമ്മു അഭിനയിച്ചത്. അഭിനയിക്കാൻ കിട്ടിയ സ്ലിപ്പിലെ സൂചന എന്തായിരിക്കും?
   - ബാർബർ ഷോപ്പ്
   - ചായക്കട
   - ബസ് സ്റ്റോപ്പ്
   - കുളക്കടവ്

**5 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 ചോദ്യത്തിന് ഉത്തരം എഴുതുക**

5. 'എന്റെ കുടുംബം' ചിത്രമാക്കി മാറ്റുമ്പോൾ ശ്രദ്ധിക്കേണ്ട 3 കാര്യങ്ങൾ താഴെ കൊടുത്തിട്ടുള്ളവയിൽ നിന്നും തിരഞ്ഞെടുത്തെഴുതുക.
   - അച്ഛനും അമ്മയും മക്കളും തമ്മിലുള്ള ഉയരവ്യത്യാസം
   - പറമ്പ്
   - വസ്ത്രധാരണത്തിലെ പ്രത്യേകതകൾ
   - മരങ്ങൾ
   - തടിച്ചവരാണോ മെലിഞ്ഞവരാണോ
   - ആകാശം

6. ചേരുംപടി ചേർക്കുക.

| | |
|---|---|
| കമ്പി വാദ്യം | ഹാർമോണിയം |
| സുഷിരവാദ്യം | മൃദംഗം |
| താളവാദ്യം | ഓടക്കുഴൽ |
| | വയലിൻ |
| | ഓർഗൻ |

7. താഴെ കൊടുത്തിട്ടുള്ളവയിൽ നിന്നും നിത്യജീവിതത്തിൽ കൈകൾ ഉപയോഗിച്ച് ചെയ്യുന്ന മൂന്നു മുദ്രകൾ തിരഞ്ഞെടുത്തെഴുതുക.

- നമസ്തേ
- ഓട്ടം
- ലൈക്
- സ്റ്റോപ്പ് (ട്രാഫിക് പോലീസ്)
- മരം കയറ്റം

8. താഴെ നൽകിയ ശബ്ദങ്ങൾ ഏതൊക്കെ മൃഗങ്ങളുമായി ബന്ധപ്പെട്ടതാണെന്നെഴുതുക.

- കുരയ്ക്കൽ
- ഓരിയിടൽ
- ഗർജ്ജനം

**9 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഒരു ചോദ്യത്തിനു മാത്രം ഉത്തരം എഴുതുക**

9. താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ ശരിയോ തെറ്റോ എന്ന് എഴുതുക.

എ) 'യക്ഷി' കാനായി കുഞ്ഞിരാമന്റെ ശില്പമാണ്

ബി) വാട്ടർ കളറിന്റെ മാധ്യമം ഓയിലാണ്.

സി) എക്സ്പെയിന്റ് ഉപയോഗിച്ച് കമ്പ്യൂട്ടറിൽ ചിത്രം വരയ്ക്കാം.

ഡി) കളിമണ്ണു കൊണ്ട് ശില്പം ചെയ്യാനാകില്ല.

ഇ) ശില്പത്തിന് ത്രിമാന സ്വഭാവമില്ല.

10. വിവിധ ദിനാചരണ ഗാനങ്ങൾ ക്രമമായി വലതു ഭാഗത്ത് കൊടുത്തിരിക്കുന്നു. ഇടതു ഭാഗത്ത് ദിനങ്ങൾ നൽകിയിരിക്കുന്നത് തെറ്റായാണ്. അവ ശരിയായി ക്രമപ്പെടുത്തി എഴുതൂ.

| | | |
|---|---|---|
| 1. ക്രിസ്മസ് | - | അക്ഷരമുറ്റത്തോടി വരുന്ന കുഞ്ഞിക്കുരുവികളേ സ്വാഗതം |
| 2. കേരളപ്പിറവി ദിനം | - | മണ്ണും മലയും സംരക്ഷിക്കൂ..... മനുഷ്യനെ രക്ഷിക്കൂ. |
| 3. പ്രവേശനോത്സവം | - | ജന്മകാരിണി ഭാരതം |
| 4. സ്വാതന്ത്ര്യദിനം | - | പിറന്ന മണ്ണിതു മലയാളം |
| 5. പരിസ്ഥിതി ദിനം | - | യേശു പിറന്നൂ പുൽക്കൂട്ടിൽ |

11. താഴെ കൊടുത്തിരിക്കുന്നവയിൽ നൃത്ത രൂപത്തിൽപെടുന്ന അഞ്ചെണ്ണം തിരഞ്ഞെടുത്തെഴുതുക.

- ഭരതനാട്യം
- തെരുവുനാടകം
- കഥകളി
- നാടോടിനൃത്തം
- മൈം
- ഒപ്പന
- മോഹിനിയാട്ടം

12. മരം കോച്ചുന്ന തണുപ്പിൽ നടന്നു നീങ്ങുന്ന ഒരാളുടെ രൂപവും ഭാവവും വർത്തമാനങ്ങളും ചലനങ്ങളും എങ്ങനെയായിരിക്കും എന്ന് അഞ്ചു വാചകത്തിൽ എഴുതുക?

# പ്രവൃത്തിപഠനം

**ഒന്നുമുതൽ നാലുവരെയുള്ള ചോദ്യങ്ങൾക്ക് ശരിയുത്തരം ബ്രാക്കറ്റിൽ നിന്നും തിരഞ്ഞെടുത്ത് എഴുതുക**

1. താഴെ കൊടുത്തിരിക്കുന്നവയിൽ ശുദ്ധമായ ജലം ഏത്?
   (പുഴവെള്ളം, കടൽവെള്ളം, കുളത്തിലെ വെള്ളം, കിണറിലെ വെള്ളം)
2. വസ്ത്രങ്ങൾ കഴുകി വൃത്തിയാക്കുന്നതിനുപയോഗിക്കുന്ന വസ്തു ഏത്?
   (ചകിരി, സോപ്പ്, ലോഷൻ, എണ്ണ)
3. ഒരു A4 ഷീറ്റ് പേപ്പറിന് എത്ര പുറങ്ങൾ ഉണ്ട്?
   (1, 4 , 3, 2)
4. ക്ലാസ്റൂം വൃത്തിയാക്കുന്നതിനുപയോഗിക്കുന്ന ഒരു ഉപകരണം.
   (കമ്പി, വല, ചൂൽ, കത്തി)

**അഞ്ചുമുതൽ ഒമ്പതുവരെയുള്ള ചോദ്യങ്ങളിൽ എതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക**

5. നിങ്ങളുടെ ചുറ്റുപാടിൽ നിന്നു ലഭിക്കുന്ന 4 ഭക്ഷ്യ വിഭവങ്ങളുടെ പേരെഴുതുക.
6. ചിരട്ട കൊണ്ടുള്ള 2 ഉല്പന്നങ്ങളുടെ പേരെഴുതുക.
7. പ്രധാനപ്പെട്ട നാലു വീട്ടുപകരണങ്ങളുടെ പേരെഴുതുക.
8. ആശംസാകാർഡിൽ എഴുതുന്ന ഏതെങ്കിലും രണ്ട് വാചകങ്ങൾ?
9. ഫേബ്രിക് പെയിന്റ് ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ?

**10, 11 ചോദ്യങ്ങളിൽ ഒന്നിന് ഉത്തരമെഴുതുക.**

10. കുടിവെള്ളം വൃത്തിയായും ശുദ്ധിയായും ലഭ്യമാകുന്നതിനുള്ള മാർഗങ്ങൾ വിവരിക്കുക.
11. ചുറ്റുപാടിൽ നിന്നും ലഭിക്കുന്ന വസ്തുക്കളിൽ ഭക്ഷ്യയോഗ്യമായതും അല്ലാത്തതും കണ്ടെത്തി തരം തിരിച്ചെഴുതുക.